ഫൈനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്നതിനു ശുപാർശചയ്തിട്ടുണ്ട്. 1958-ലെ കേരളസംസ്ഥാന നികുതി അന്വേഷണ കമ്മിറ്റിയും ഒരു ലോക്കൽ ഫൈനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് നഗരങ്ങളിലെ സ്വയം ഭരണസ്ഥാപനങ്ങൾക്ക് അവയുടെ വികസന പദ്ധതികൾക്കു ധനസഹായം നൽകുന്നതിനായി ഒരു നഗരവികസന ധനകാര്യകോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. ഇത് ഇൻഡ്യയിൽ ഇത്തരത്തിലുള്ള ആദ്യത്തെ കോർപ്പറേഷനാണ്.

പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ഒരു ഗ്രാമവികസന ധനകാര്യകോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശമുണ്ട്. ഈ കോർപ്പറേഷനു മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ആദായകരവും സ്വയം പ്രവർത്തനക്ഷമവുമായ എല്ലാ പദ്ധതികൾക്കും ധനസഹായം നൽകാൻ കഴിയുമെന്നു പ്രത്യാശിക്കുന്നു.

വെയ്സ് ആൻഡ് മീൻസ്

റവന്യൂ അക്കൗണ്ടിൽ 13.48 കോടി രൂപയുടെ കമ്മിയാണുള്ളത്. മൂലധനച്ചെലവിനും വായ്പകളും അഡ്വാൻസുകളും നൽകുന്നതിനും 1970–71–ൽ 27.70 കോടിരൂപയുടെ മുതൽമുടക്ക് ഉൾക്കൊള്ളുന്ന പരിപാടികളാണ് ബഡ്ജറ്റ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതികൾക്കുള്ള ധനാഗമമാർഗ്ഗമെന്ന നിലയ്ക്ക് 9 കോടി രൂപയുടെ പൊതുക്കടം അടുത്തവർഷം എടുക്കുന്നതാണ്. അതേസമയം 3.27 കോടി രൂപയുടെ ഒരു പൊതുക്കടം വീട്ടേണ്ടതായിട്ടുമുണ്ട്. ഇൻഡ്യാ ഗവൺമെൻറിൽനിന്നും 28.75 കോടി രൂപയുടെ മൊത്തം വായ്പ പ്രതീക്ഷിക്കുന്നുണ്ട്. സംസ്ഥാന വാർഷിക പദ്ധതിക്കുള്ള 22.22 കോടി രൂപയും ചെറുകിട സമ്പാദ്യങ്ങളുടെ വിഹിതമായ 1.75 കോടി രൂപയും ഈ തുകയിൽ അടങ്ങിയിരിക്കുന്നു. ഇതിനെതിരെ 24.51 കോടി രൂപ വായ്പ ഇനത്തിൽ കേന്ദ്രത്തിനു തിരിച്ചു നൽകേണ്ടതാണ്. ലൈഫ് ഇൻഷ്വറൻസ് കോർപ്പൊറേഷനിൽനിന്നും റിസർവ്വ് ബാങ്കിൽനിന്നും ഒന്നരക്കോടി രൂപലഭിക്കുമെന്നു കണക്കാക്കിയിരിക്കുന്നു. ''മുതൽ വയ്ക്കാത്ത കട'' (''അൺഫണ്ടഡ് ഡെറ്റ്'') ഇനത്തിൽ 3.26 കോടി രൂപയുടെ അറ്റവരവ് ഉണ്ടാകും. തന്നാണ്ടിൽ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നിക്ഷേപിച്ച 2 കോടി രൂപ അടുത്തവർഷം തിരിയെക്കൊടുക്കുന്നതിനും വകകൊള്ളിച്ചിട്ടുണ്ട്.

സഭയിൽ അവതരിപ്പിക്കുന്ന വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പ്രകാരമുള്ളനില താഴെ കാണിച്ചിരിക്കുന്നപ്രകാരം സംഗ്രഹിക്കാം:

	രൂപ കോടിയിൽ
റവന്യൂ കമ്മി	(—) 13.48
മൂലധനച്ചെലവ്	(—) 18.62
വായ്പകളും അഡ്വാൻസുകളും (അറ്റച്ചെലവ്)	(—) 8.08
കടവും നിക്ഷേപങ്ങളും (അറ്റ വരവ്)	(—) 15.32
മൊത്തം കമ്മി	(—) 13.74
വർഷാരംഭത്തിൽ നീക്കിയിരുപ്പ്	(—) 25.86
വർഷാവസാനത്തിൽ നീക്കിയിരുപ്പ്	(—) 39.60

13.48 കോടി രൂപയുടെ റവന്യൂ കമ്മിയും 12.38 കോടി രൂപയുടെ മൂലധനക്കമ്മിയും കൂടി ചേർന്നതാണ് മൊത്തം കമ്മിയായ 25.86 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ. മുമ്പു പ്രസ്താവിച്ചപോലെ കേന്ദ്ര–സംസ്ഥാന ധനകാര്യ അഡ്ജസ്റ്റുമെൻറുകളും സംബന്ധിച്ച് ഇന്ന് അനുവർത്തിച്ചുപോരുന്ന യുക്തിരഹിതമായ നയങ്ങളും തുടരുന്നിടത്തോളവും, നമ്മുടെ സമ്പദ്വ്യവസ്ഥയുടെ വികസന വേഗത കൂടുതൽ പ്രകടമായി വർദ്ധിക്കാതിരിക്കുന്നിടത്തോളവും കാലം വൻ തോതിലുള്ള ബഡ്ജറ്റ് കമ്മികളും അനിവാര്യങ്ങളാണ്. ഗണ്യമായ കേന്ദ്ര സഹായം കൂടാതെ ബഡ്ജറ്റ് ബാലൻസ് ചെയ്യാൻ സാധിക്കുകയില്ലെന്നു ഞങ്ങളും ഇൻഡ്യാഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. അഞ്ചാം ധനകാര്യ കമ്മിഷൻറെ അവാർഡിലെ ന്യൂനതകളും പരിഹരിക്കുന്നതിനും ''നോൺ–പ്ലാൻ സെക്ടറി''ലുള്ള വിടവു നികത്തുന്നതിനും വർദ്ധിച്ച തോതിലുള്ള കേന്ദ്ര ധനസഹായം ആവശ്യമാണെന്നു ഞങ്ങളും ശക്തിയുക്തം നിവേദനം നടത്തിയിട്ടുണ്ട്. മൂലധന അക്കൌണ്ടിലെ ഞെരുക്കങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഒരാശ്വാസമാർഗ്ഗമായി കേന്ദ്രവായ്പ തിരിച്ചടയ്ക്കുന്ന വ്യവസ്ഥകൾക്കു വേണ്ട വ്യതിയാനങ്ങളും വരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ഗവൺമെൻറിൻെറ സാമ്പത്തികമായ അടിത്തറ ശക്തിപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെൻറിനെ ആശ്രയിക്കാതെ നിവർത്തിയില്ലെന്നിരിക്കിലും, വിഭവരൂപീകരണത്തിന്നു സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളെല്ലാം നമുക്ക് അനുവർത്തിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ രണ്ടു വർഷക്കാലമായി പല നൂതന ധനാഗമമാർഗ്ഗങ്ങളും നമ്മുടെ ഗവൺമെൻറ് ആവഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. ഭാഗ്യക്കുറി പദ്ധതിയാകട്ടെ, ആദ്യമായി പ്രഖ്യാപിച്ചപ്പോൾ ഉണ്ടായ ആശങ്കകളേയും എതിർപ്പുകളേയും അതിജീവിച്ചു പ്രചാരവും ജനസമ്മതിയും നേടുകയും ആദായകരമായ ധനാഗമമാർഗ്ഗമെന്ന നിലയ്ക്ക് പരക്കെ അംഗീകരിക്കപ്പെടുകയും ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ളതും മിക്ക സംസ്ഥാനങ്ങളുടേയും ബഡ്ജറ്റുകളിൽ അതിനു സ്ഥാനം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതും പ്രസ്താവ്യമാണ്. ഇന്ന് ഈ വരുമാനമാർഗ്ഗം പൂഷ്ണം ചെയ്യുന്നതിൽ സംസ്ഥാനങ്ങളും തമ്മിലൊരു കിടമൽസരംതന്നെ നടത്തുന്ന കാഴ്ചയാണു നാം കാണുന്നത്. അടുത്തകാലത്ത്, സമ്മാന പദ്ധതിയിൽ വേണ്ട പരിഷ്കരണം നടത്തി ഈ പദ്ധതിയെക്കൂടുതൽ ആകർഷകമാക്കിയിട്ടുണ്ട്. ഏതാനും ചില മാസങ്ങൾക്കു മുമ്പ് ചിട്ടികളും കുറികളും നടത്തുന്നതിനും മറ്റുചില സാമ്പത്തിക വ്യാപാരങ്ങളിലേർപ്പെടുന്നതിനുമായി ''കേരള ഫിനാൻഷ്യൽ എൻറർ പ്രൈസസ്'' എന്നൊരു സ്ഥാപനം രജിസ്റ്റർ ചെയ്തു തൃശൂരിൽ പ്രവർത്തനമാരംഭിച്ചു. ഇതിൻെറ പ്രവർത്തനം ഉർജ്ജിതപ്പെട്ടുകഴിഞ്ഞാൽ സംസ്ഥാനത്തിലെ ധനകാര്യസംബന്ധമായ സ്ഥാപനങ്ങളിൽ മുന്തിയൊരു സ്ഥാനം ഇതു നേടിയെടുക്കുമെന്നും അങ്ങനെ വികസന പരിപാടികൾക്കു വിഭവങ്ങൾ സമാഹരിക്കുന്നതിൽ ശരിയായ പങ്കു വഹിക്കുമെന്നും ന്യായമായി പ്രതീക്ഷിക്കാം.

ഇനി ഞാൻ അടുത്ത വർഷത്തെ പുതിയ ധനാഗമനിർദ്ദേശങ്ങളിലേക്ക് കടക്കട്ടെ. ഒരു പ്രമുഖ ധനശാസ്ത്രജ്ഞനായ ഡാ: എം. ജെ. കെ. തവ്രാജ് ചെയർമാനായും നമ്മുടെ ഇപ്പോഴത്തെ മുഖ്യമന്ത്രിയുൾപ്പെടെ ഉന്നതൻമാരായ ഏതാനും പ്രാമാണികൻമാർ അംഗങ്ങളായുമുള്ള 1969–ലെ സംസ്ഥാന നികുതി അന്വേഷണകമ്മിറ്റി നാലാം പദ്ധതിക്കാലത്ത് 35 കോടി രൂപയുടെ അധികനികുതിനിർദ്ദേശങ്ങളാണ് ശുപാർശ ചെയ്തിട്ടുള്ളതെന്നു ബഹുമാനപ്പെട്ട അംഗങ്ങൾ ഓർമ്മിക്കുമല്ലൊ. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തിൽ ഒന്നുകൂടി അഭിനന്ദനം രേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ. കമ്മിറ്റിയുടെ ചില ശുപാർശകളും നടപ്പുവർഷത്തിൽ സ്വീകരിച്ചു നടപ്പിലാക്കുകയുണ്ടായി. ബാക്കിയുള്ളവയിൽ ചിലതു നടപ്പാക്കാൻ ഞങ്ങളും ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly